# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം :- ആ.വ.ഡ. - ജീവനക്കാര്യം - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലംമാറ്റം 2026 - ഫെയർകോപ്പി സൂപ്രണ്ട് തസ്തിക- പൊതുസ്ഥലംമാറ്റ നടപടികൾ അവസാനിപ്പിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1) ഉത്തരവ് (പി) നം. 3/2017/ഉ.ഭ.പ.വ., തീയതി:25/02/2017.
2) സ.ഉ.(സാധാ) നം. 1097/2026/H&FWD, തീയതി, 14/03/2026
3) സ.ഉ.(സാധാ) നം. 1369/2026/H&FWD, തീയതി, 10/04/2026
4) സർക്കുലർ നം. ഇഎച്ച്1-31371/2025/ആ.വ.ഡ, തീയതി, 13/04/2026
5) ഉത്തരവ് നം. DHS/11723/2026-ED4, തിയതി, 03/06/2026

## ഉത്തരവ് നം : DHS/11916/2026-ED4, തിയതി : 10-06-2026

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെയും സർക്കുലറിന്റെയും അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ വിവിധ തസ്തികകളിലെ 2026-ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേക്കുള്ള പൊതുസ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ, അപേക്ഷ സമർപ്പിച്ച ജീവനക്കാർ നിലവിലുള്ള സ്ഥാപനത്തിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം നിർബന്ധമായ മൂന്ന് വർഷത്തെ സേവനകാലാവധി പൂർത്തിയാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ആയതിനാൽ, നിലവിലുള്ള പൊതുസ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ടി ജീവനക്കാർ പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അർഹത നേടിയിട്ടില്ലെന്ന് കണ്ടെത്തി.

ഈ സാഹചര്യത്തിൽ, ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലുള്ള പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചുകൊണ്ട് പരാമർശം (5) പ്രകാരം കരട് നടപടിക്രമം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

പരാമർ ശം (5) പ്രകാരം പ്രസിദ്ധീകരിച്ച കരട് നടപടിക്രമത്തിനെതിരെ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ നിന്ന് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. അതിനാൽ, പ്രസ്തുത കരട് നടപടിക്രമത്തിനെതിരെ യാതൊരു ആക്ഷേപവുമില്ലെന്ന് വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ, ആരോഗ്യവകുപ്പിലെ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥരുടെ 2026 പൊതുസ്ഥലംമാറ്റം സംബന്ധിച്ച തുടർ നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Reena K J
Date: 10-06-2026
16:25:56

DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:-

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ് :

1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്
2) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
3)ഫയൽ/കരുതൽ ഫയൽ